എക്സ്പ്രസ്സ് ദിനപത്രം

*൨൯൯. (ക ൪) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി നൽകുമോ.—

തൃശ്ശിവപേരൂർ നിന്നു ൨ ൪—൭—൩ ൦/൯—ക—ക ൨൯-ൽ പുറപ്പെട്ട എക്സ്പ്രസ്സ് ദിനപത്രത്തിൽ ലീഡറായി പ്രസിദ്ധപ്പെടുത്തിയ ലജ്ജാവഹം എന്ന തലക്കെട്ടിലെ സംഗതികൾ ഗവർമ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): ഇല്ല.

പോലീസിന്റെ നേതൃത്വത്തിലുള്ള വിജിലൻസു കമ്മിറ്റികൾ

*൨൯൦. (ക൯) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കമ്മ്യൂണിസ്റ്റുകാരെ കണ്ടുപിടിക്കുന്നതിനും കമ്മ്യൂണിസ്റ്റു് ശല്യങ്ങളെ തടയുന്നതിനും പൊതുജനസഹകരണത്തോടുകൂടി വിജിലൻസു കമ്മിറ്റികൾ പോലീസിന്റെ നേതൃത്വത്തിൽ പല സ്ഥലങ്ങളിലും രൂപീകരിച്ചിട്ടുള്ളതു ഗവർമ്മെൻറിനറിയാമോ?

(ബി) ഗവർമ്മെൻറിന്റെ നിർദ്ദേശമനുസരിച്ചാണോ അപ്രകാരം പോലീസിന്റെ മേൽ നോട്ടത്തിൽ കമ്മിറ്റികൾ രൂപീകരിച്ചതു്?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) പൊതുജനങ്ങളുടെ ആഭിമുഖ്യത്തിൽ ചില സ്ഥലങ്ങളിൽ പീസ് കമ്മിറ്റികളും കമ്മ്യൂണിസ്റ്റ് വിരുദ്ധ സംഘടനകളും രൂപമെടുത്തിട്ടുണ്ടു്.

(ബി) അല്ല.

ചെങ്ങന്നൂർ എ. എസ്. പി. ആപ്പീസ്

*൨൯൫. (ക൯) ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ചെങ്ങന്നൂർ എ. എസ്സ്. പി. ആപ്പീസ് നിറുത്തുവാനുണ്ടായ കാരണം എന്താണെന്നു പറയാമോ?

(ബി) ചെങ്ങന്നൂർ എ എസ്സ്. പി. യുടെ അധികാരത്തിയിൽപ്പെട്ട സ്ഥലങ്ങൾ ഏതു എ. എസ്സ്. പി.യുടെ അധികാരാതൃത്തിയിൽപ്പെടുത്തിയെന്നു പറയുവാൻ ദയവുണ്ടാകുമോ;

(സി) ആലപ്പുഴ എ. എസ്സ്. പി. യുടെ അധികാരാതൃത്തിയിൽ കിഴക്കോട്ടു് എവിടെവരെയുള്ള സ്ഥലങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) പോലീസ് ഡിപ്പാർട്ടുമെൻറ പരിഷ്കരണം സംബന്ധിച്ചു് ടി ആപ്പീസ് നിറുത്തുകയുണ്ടായി.

(ബി) ടി സ്ഥലങ്ങൾ കൊല്ലത്തേയും ആലപ്പുഴയിലേയും എ. എസ്സ്. പി.മാരുടെ അധികാരാതൃത്തികളിലായി വീതിച്ചുകൊടുത്തു.

(സി) കിഴക്കോട്ടു കിഴ്വായ്പ്പൂർ സ്റ്റേഷൻ അതൃത്തിവരെ.

ശ്രീ. കണ്ണാറെ ഗോപാലപ്പണിക്കർ: ഈ കിഴ്വായ്പ്പൂർ സ്റ്റേഷനു് കിഴക്കുള്ള സ്ഥലങ്ങൾ ഏതു എ. എസ്സ്. പി. യുടെ കീഴിലാണു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള : അറിഞ്ഞുകൂടാ.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ : അതിനു കിഴക്കുവശം സ്ഥലമുണ്ടെന്നറിയാമോ.

ശ്രീ. ടി. കെ. നാരായണപിള്ള : അതെല്ലാവക്കും അറിയാം.

ശബരിമല

*നം ൦൨. (ക്രമ) ശ്രീ. കണ്ണാറഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ശബരിമല ഏതു എ. എസ്സ്. പി. യുടെ അധികാരാതൃത്തിയിൽ പെടുത്തിയിരിക്കയാണെന്നു പറയുവാൻ ദയവുണ്ടാകുമോ ;

(ബി) ആ എ. എസ്സ്. പി. യുടെ ആപ്പീസിനും ശബരിമലയുമായുള്ള ദൂരം എത്രയെന്നു പറയുവാൻ ദയവുണ്ടാകുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള :)

(എ) കൊല്ലം എ. എസ്സ്. പി. യുടെ അധികാരാതൃത്തിയിൽ.

(ബി) ഉദ്ദേശം ൯൦ നാഴിക.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ : കോട്ടയം ഡിസ്ട്രിക്ടിൽ എത്ര എ. എസ്സ്. പി. മാർ ഉണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : മൂന്നു നാലുപേർ ഉണ്ടെന്നാണ് ഓർമ്മ.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ : ശബരിമല കോട്ടയം എ. എസ്സ്. പി. യുടെ അധികാരാതൃത്തിയിൽ ഉൾപ്പെടുത്തുന്നതല്ലേ സൗകര്യം.

ശ്രീ. ടി. കെ. നാരായണപിള്ള : അതു സൗകര്യമല്ല.

ഗവണ്മെൻറിനെ പ്രതിയാക്കിയുള്ള കേസ്സ്

*നം ൦൩. (ക്രമ) ശ്രീ. വി. കെ. വറുഗീസ് : താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

ഉദ്യോഗകാലാവധിക്കുമൻപു സർവ്വീസിൽനിന്നും പിരിച്ചുവിട്ട എന്ന കാരണത്താൽ ഗവണ്മെൻറിനെ പ്രതിയാക്കി കേസു കൊടുക്കുന്നു എന്നു കാണിച്ചു് ആരെങ്കിലും വ്യവഹാരനോട്ടീസു ഗവണ്മെൻറിനു് അയച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള :) ഉണ്ട്.

ശ്രീ. എ. എം. തോമസ് : അതിനു മറുപടി എന്തെങ്കിലും കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇല്ല. നോട്ടീസ് റിക്കാർഡ് ചെയ്തു.

ശ്രീ. എ. എം. തോമസ് : ഈ നോട്ടീസ് അയച്ചിട്ടുള്ളതു് ആരാണെന്നു് പറയുമോ?

ശ്രീ. ടി. കെ. നാരായണപിള്ള : നിർബ്ബന്ധമാണെങ്കിൽ പറയാം. ശ്രീ. പി. സി. ചാണ്ടിയാണു്.

ശമ്പളവ്യത്യാസം

*നം ൦൪. (൨൦) ശ്രീ. വി. കെ. വറുഗീസ് : താഴെ കാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടിപറയുമോ.—

തിരുവിതാംകൂർ ഡിവിഷനിലേയും, കൊച്ചി ഡിവിഷനിലേയും ജഡ്ജിമാർ, മുൻസിപ്പന്മാർ ഇവരുടെ ശമ്പളത്തിൽ വ്യത്യാസം ഉണ്ടോ എന്നും, ഉണ്ടെങ്കിൽ അതു് എങ്ങിനെയാണെന്നും ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly